(ഇ) ജി.ഒ. (എംഎസ്.) 32/99/എഫ്. ആന്റ് സി.എസ്.ഡി. തീയതി 14-6-1999 പ്രകാരം ജൂനിയർ അസിസ്റ്റന്റ് പോസ്റ്റുകൾ 20 ശതമാനത്തിൽ നിന്നും 40 ശതമാനം ആയി വർദ്ധിപ്പിച്ചു. നിലവിൽ അംഗീകരിച്ച മാനദണ്ഡങ്ങൾ പ്രകാരം മാവേലി സ്റ്റോറുകളിലേയും ലാഭം മാർക്കറ്റുകളിലേയും ജൂനിയർ അസിസ്റ്റന്റ് തസ്തികകളിൽ ഡിപ്പാർട്ട്മെന്റിലേയും കോർപ്പറേഷനിലേയും സ്റ്റാഫിന്റെ അനുപാതം 60:40 ആണ്.

(എഫ്) കഴിഞ്ഞ വർഷം (2003-ൽ) 5 ഹെൽപ്പർമാരെ സെയിൽസ്മാൻ മാരായിട്ടും 9 പേരെ ജൂനിയർ അസിസ്റ്റന്റ്മാരായിട്ടും 5 പേരെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായും പ്രൊമോട്ട് ചെയ്തിട്ടുണ്ട്.

സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ

46 [2015] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന എത്ര മാവേലി സ്റ്റോറുകളും സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്ഥാപിച്ച മാവേലി സ്റ്റോറുകളും സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര നീതി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്;

(ഡി) ഇപ്പോൾ നീതി സ്റ്റോറുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ കൂടി നീതി സ്റ്റോറുകൾ സ്ഥാപിക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 839 മാവേലി സ്റ്റോറുകളും 21 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും ഉണ്ട്.

(ബി) 86 മാവേലി സ്റ്റോറുകൾ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ പുതുതായി ആരംഭിച്ചിട്ടില്ല.

(സി) 826 എണ്ണം.

(ഡി) നീതി സ്റ്റോർ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിലല്ല. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നീതി സ്റ്റോറുകൾ തുടങ്ങാൻ സഹകരണ വകുപ്പ് നടപടി സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly